Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. കൈറ്റ്/2023/1700 (6) തീയതി: 13.09.2023

## സർക്കുലർ

**വിഷയം: - കൈറ്റ് - കോഴിക്കോട് ജില്ലയിലെ നിപ വൈറസുമൂലം പ്രവർത്തിക്കാനാകാത്ത സ്കൂളുകളിൽ ഓൺലൈൻ പഠനത്തിനായി ജിസ്യൂട്ട് പ്ലാറ്റ്ഫോം ഒരുക്കുന്നത് സംബന്ധിച്ച്.**

സൂചന:- 1. 07.07.2021-ലെ കൈറ്റ്/2021/1700(1) നമ്പർ സർക്കുലർ

2. 30.10.2021-ലെ കൈറ്റ്/2021/1702(30) നമ്പർ സർക്കുലർ

3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13.09.2023-ലെ ക്യൂ.ഐ.പി(1) 247365/ഡിജിഇ സർക്കുലർ

സൂചന 1, 2 പ്രകാരം ഓൺലൈൻ പഠനത്തിനുള്ള ജിസ്യൂട്ട് പ്ലാറ്റ്ഫോം കൈറ്റ് തയ്യാറാക്കിയിട്ടുണ്ട്. സൂചന 3 പ്രകാരം നിപ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ കോഴിക്കോട് ജില്ലയിലെ ചില സ്കൂളുകളിൽ ഓൺലൈൻ പഠന സംവിധാനമൊരുക്കാൻ കൈറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കുട്ടിയുടെ സെൻസിറ്റീവ് ആയ വിവരങ്ങൾ (യു.ഐ.ഡി, മൊബൈൽ നമ്പർ, ഇ-മെയിൽ ഉൾപ്പെടെ) ഒന്നും നൽകാതെ തന്നെ കൈറ്റിന് പൂർണമായും മാസ്റ്റർ കൺട്രോൾ സൗകര്യമുള്ള ജിസ്യൂട്ട് പ്ലാറ്റ്ഫോം kiteschool.in എന്ന പൊതു ഡൊമൈനിൻ കീഴിൽ ലഭ്യമാക്കിയിട്ടുണ്ട്. അദ്ധ്യാപകർക്ക് അവരുടെ 'പെൻ' നമ്പർ ഉപയോഗിച്ചും കുട്ടികൾക്ക് സ്കൂൾ കോഡും അഡ്മിഷൻ നമ്പറും ചേർത്തും ഈ പോർട്ടലിൽ ലോഗിൻ ചെയ്യാം. സമ്പൂർണ പോർട്ടലിൽ രേഖപ്പെടുത്തപ്പെട്ട കുട്ടികൾക്ക് മാത്രമേ ജിസ്യൂട്ടിൽ ലോഗിൻ ചെയ്യാൻ കഴിയൂ. അദ്ധ്യാപകർ അനുവദിക്കുന്നവർക്കല്ലാതെ പുറത്തു നിന്നുള്ളവർക്ക് ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കാൻ കഴിയില്ല എന്നതിനാൽ ജിസ്യൂട്ട് പ്ലാറ്റ്ഫോമിൽ മറ്റു സൗജന്യ വീഡിയോ കോൺഫറൻസിംഗ് സംവിധാനങ്ങളിൽ നിന്നും വിഭിന്നമായി കുട്ടികളുടെ സ്വകാര്യതയും ഡിജിറ്റൽ സുരക്ഷയും ഉറപ്പാക്കാൻ സംവിധാനമുണ്ട്. കോവിഡ് 19 പശ്ചാത്തലത്തിൽ 2021-22 വർഷത്തിൽ 8 മുതൽ 12 വരെയുള്ള 20 ലക്ഷം കുട്ടികൾക്കും ഒരു ലക്ഷം അദ്ധ്യാപകർക്കും ജിസ്യൂട്ട് പ്ലാറ്റ്ഫോമിൽ ലോഗിൻ സൗകര്യം നല്കുകയും അതിനനുസരിച്ച് ഓൺലൈൻ ക്ലാസുകൾ നടത്തുകയും ചെയ്തിരുന്നു. ഇപ്പോൾ 'നിപ' വൈറസ് മൂലം അവധി നൽകിയിട്ടുള്ള കോഴിക്കോട് ജില്ലയിലെ സ്കൂളുകൾക്കാണ് ഈ സംവിധാനം ഏർപ്പെടുത്തുന്നത്. ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി നിർദേശിച്ചതനുസരിച്ച് ക്രമേണ മുഴുവൻ സ്കൂളുകൾക്കും മഴക്കെടുതി ഉൾപ്പെടെയുള്ള അവധി സമയങ്ങളിൽ പ്രയോജനപ്പെടുത്താൻ ജിസ്യൂട്ട് പ്ലാറ്റ്ഫോമിൽ സൗകര്യം കൈറ്റ് ഒരുക്കിയിട്ടുണ്ട്. ജിസ്യൂട്ടിന്റെ ഫലപ്രദമായ ഉപയോഗത്തിന് താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഓരോ വിഭാഗം ഉപയോക്താക്കൾക്കും (അധ്യാപകർ, വിദ്യാർഥി) പ്രത്യേക 'പെർമിഷനുകൾ' പ്ലാറ്റ്ഫോമിൽ ക്രമീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ക്ലാസുകൾ തിരിച്ച് അദ്ധ്യാപകർ സ്കൂൾതലത്തിൽ കുട്ടികളുടെ ഗ്രൂപ്പ് ഉണ്ടാക്കേണ്ടതാണ്.

2. സ്കൂൾ അഡ്മിനിസ്ട്രേറ്റർക്ക് (പ്രഥമാധ്യാപകർ) ക്ലാസുകളും യൂസറേയും നിയന്ത്രിക്കുന്നതിനുള്ള ('മീറ്റ്' Disable ചെയ്യുക, Mute ചെയ്യുക, സ്ക്രീൻ ഷെയർ കൺട്രോൾ, ചാറ്റ് കൺട്രോൾ തുടങ്ങിയവ) 'ഹോസ്റ്റ് കൺട്രോൾ' സൗകര്യങ്ങൾ പ്രയോജനപ്പെടുത്തേണ്ടതും കുട്ടികളുടെ പാസ്‌വേർഡ് മറന്നുപോകുന്ന സാഹചര്യത്തിൽ അവ റീസെറ്റ് ചെയ്തു നൽകാൻ സ്കൂൾതലത്തിലുള്ള സംവിധാനം പ്രയോജനപ്പെടുത്തേണ്ടതുമാണ്.

3. തത്സമയ ക്ലാസുകൾ നൽകുന്നതോടൊപ്പം കുട്ടികൾക്ക് സംശയനിവാരണത്തിനും വിവിധ അസൈൻമെന്റുകൾ നൽകാനും ക്വിസ് രൂപത്തിൽ ചോദ്യങ്ങൾ ചോദിക്കാനും പ്ലാറ്റ്ഫോമിൽ ഉള്ള സംവിധാനവും അദ്ധ്യാപകർ പ്രയോജനപ്പെടുത്തേണ്ടതാണ്.

4. പ്ലാറ്റ്ഫോമിലെ ക്ലാസ് റൂമിനകത്ത് കുട്ടികൾ അപ്‌ലോഡു ചെയ്യുന്ന പ്രവർത്തനങ്ങൾ ഓൺലൈനായി മൂല്യനിർണയം നടത്താനും മാർക്കുകൾ / ഗ്രേഡുകൾ നൽകാനും ഹാജർ രേഖപ്പെടുത്താനും ഉള്ള സൗകര്യം അദ്ധ്യാപകർ പ്രയോജനപ്പെടുത്തേണ്ടതാണ്.

5. പുറത്തുള്ളവർക്ക് ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കാൻ കഴിയാത്ത വിധത്തിൽ Internal Permission സെറ്റ് ചെയ്യേണ്ടതാണ്.

6. ഹയർസെക്കന്ററിവിഭാഗം കുട്ടികൾക്ക് ജി-സ്യൂട്ട് യൂസർ ഐഡിയും പാസ്‌വേഡും സജ്ജമാക്കുന്നതിന് 'സമ്പൂർണ' ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സിസ്റ്റത്തിലെ ജി-സ്യൂട്ട് ലിങ്കിൽ hscap ന്റെ ഐഡി ഉപയോഗിച്ച് ലോഗിൻ ചെയ്ത് കുട്ടിയുടെ ക്ലാസ് ഡിവിഷനും (ഓരോ കോഴ്സിനും A, B, C ...... എന്ന ക്രമത്തിൽ) സെക്കന്റ് ലാംഗ്വേജും അതത് സ്കൂൾ പ്രഥമാധ്യാപകരുടെ ഉത്തരവാദിത്വത്തിൽ ഉൾപ്പെടുത്തേണ്ടതാണ് (യൂസർ ഗൈഡ് സൈറ്റിൽ kite.kerala.gov.in ലഭ്യമാക്കിയിട്ടുണ്ട്).

7. കൈറ്റ് കോഴിക്കോട് ജില്ലാ ടീം സ്കൂളുകൾക്ക് ആവശ്യമായ തുടർപിന്തുണ ഉറപ്പാക്കേണ്ടതും ആവശ്യമെങ്കിൽ അദ്ധ്യാപകർക്ക് ഓൺലൈനിൽ ജിസ്യൂട്ട് പരിശീലനം നൽകേണ്ടതുമാണ്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

കോഴിക്കോട് ജില്ലയിലെ ബന്ധപ്പെട്ട സ്കൂൾ പ്രഥമാധ്യാപകർക്ക്

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - അറിവിലേക്കായി
വിദ്യാഭ്യാസ ഉപഡയറക്ടർ, കോഴിക്കോട്
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർമാർ, കോഴിക്കോട്
കോഴിക്കോട് ജില്ലയിലെ എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ